നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തിയ 2129 ഗുണഭോക്താക്കളുടെ ഭൂമി വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും ആയതിൽ 1596 പേർ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1109 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കുകയും 368 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) പ്രസ്തുത പദ്ധതിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുവോ; വിശദാംശം വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(എഫ്) 'പുനർഗേഹം' പദ്ധതിയുടെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന തീരത്ത് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താതിരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ?

'പുനർഗേഹം' പദ്ധതിയുടെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന തീരത്ത് മറ്റ് നിർമ്മാണ പ്രവർത്തനങ്ങളൊന്നും അനുവദിക്കുകയില്ല. പ്രസ്തുത ഭൂമിയിൽ അനുയോജ്യമായ സസ്യജാലങ്ങൾ വെച്ച് പിടിപ്പിച്ച് ഒരു ജൈവ കവചം സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്.

ആഴക്കടൽ മത്സ്യബന്ധന കരാർ

238(544) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പുണിത്തുറ):
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഫിഷറീസ് വകുപ്പുമന്ത്രി 2018-ൽ ന്യൂയോർക്കിൽ വച്ച് ഇ.എം.സി.സി. പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നോയെന്ന് അറിയിക്കുമോ; പ്രസ്തുത കമ്പനിയുടെ അധികൃതർ കേരളത്തിൽ വന്ന് മുൻ മന്ത്രിയുമായും സെക്രട്ടറിയുമായും ചർച്ച നടത്തി ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സമർപ്പിച്ചിരുന്നോ?

മുൻ ഫിഷറീസ് വകുപ്പുമന്ത്രി ഇ.എം.സി.സി.-യുമായി ചർച്ച നടത്തിയിട്ടില്ല.

(ബി) 2019-ൽ സർക്കാർ പുറപ്പെടുവിച്ച മത്സ്യ നയത്തിന്റെ ഭാഗമായി കോണ്ടിനെന്റൽ സ്ലോപ്പിൽ വിദേശ കമ്പനികൾക്ക് മത്സ്യബന്ധനം നടത്താൻ അധികാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത മത്സ്യനയത്തിൽ ഇപ്രകാരമൊരു വ്യവസ്ഥ ചേർക്കാനുള്ള സാഹചര്യം വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന മത്സ്യനയം പേജ് 6 പാര 2.9-ൽ 'അമിത ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന കോണ്ടിനന്റൽ ഷെൽഫ് ഏരിയായിൽ നിന്നും നിലവിലെ മത്സ്യബന്ധന സമ്മർദ്ദം കോണ്ടിനന്റൽ സ്ലോപ്പ് ഏര്യയിലേയ്ക്ക് മാറ്റപ്പെടേണ്ടതിന് പുറം കടലിൽ ബഹുദിന മത്സ്യബന്ധനം നടത്തുന്ന യാനങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകുമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തീരക്കടലിൽ മത്സ്യ ബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിന് അവിടെ നിന്നും കൂടെ യാനങ്ങളെ പുറം കടൽ മത്സ്യബന്ധനത്തിന് പ്രോത്സാഹിപ്പിക്കുകയെന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. അല്ലാതെ വിദേശ കമ്പനികളെയോ യാനങ്ങളെയോ അനുവദിക്കുമെന്നല്ല.

(സി) ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഇ.എം.സി.സി. കമ്പനി സർക്കാരിന് നൽകിയ പ്രൊപ്പോസലിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഇ.എം.സി.സി. ഒരു concept note സമർപ്പിച്ചിരുന്നു. പ്രസ്തുത കമ്പനിയുടെ വിശ്വാസ്യതയെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിരുന്നു. കേന്ദ്ര സർക്കാർ Newyork-ലെ Consulate General-മായി ബന്ധപ്പെട്ടപ്പോൾ നിലവിൽ അങ്ങനെ ഒരു കമ്പനി ഉള്ളതായി അറിയാൻ കഴിഞ്ഞില്ലായെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

ഹാർബർ നവീകരണത്തിനുള്ള പദ്ധതി

239(545) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ കടപ്പുറം പഞ്ചായത്തിലെ ഹാർബർ നവീകരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

(ബി) ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് നഗരസഭയിലെ പുത്തൻകടപ്പുറത്ത് മിനി ഹാർബർ നിർമ്മാണത്തിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; മത്സ്യത്തൊഴിലാളികളുടെ ദീർഘകാലമായുള്ള പ്രസ്തുത ആവശ്യം പരിഗണിക്കുന്നതിന് സാധ്യതാ പഠനം നടത്തുമോ?

ഇതുസംബന്ധിച്ച് ഒരു റിപ്പോർട്ട് നൽകാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.